**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംയോജിത നീർത്തട പരിപാലന പരിപാടി - കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).2258/15/തസ്വഭവ തിരുവനന്തപുരം, തീയതി, 24.07.15

==================================================================

പരാമർശം: 1. സ.ഉ.(കൈ)നം.36/12/തസ്വഭവ തീയതി 15.02.2012.

2. 31.12.2014 ലെ ഗ്രാമവികസന കമ്മീഷണറുടെ 24/SLNA.01/12/CRD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ കരാർ ജീവനക്കാരുടെ വേതനം പരാമർശം (1)പ്രകാരം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഉയർന്ന യോഗ്യത നേടിയ ടി ജീവനക്കാരുടെ വേതനം അപര്യാപ്തമാണെന്നും അത് ഉയർത്തണമെന്നും ജീവനക്കാർ നിരന്തരം ആവശ്യപ്പെട്ടതിനാലും ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചിട്ടുള്ളതിനാലും മറ്റ് കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികളിലെ കരാർ ജീവനക്കാരുടെ വേതനം ഇതിനോടകം വർദ്ധിപ്പിച്ചിട്ടുള്ളതിനാലും സംയോജിത നീർത്തട പരിപാലന പരിപാടിയിലെ കരാർ ജീവനക്കാരുടെ വേതനവും ആനുപാതികമായി വർദ്ധിപ്പിക്കണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കേന്ദ്രമാനദണ്ഡപ്രകാരമുള്ള ഭരണചിലവിൽ അധികരിക്കാൻ പാടില്ല, സംസ്ഥാന ഫണ്ട് ടി ആവശ്യത്തിന് ഉപയോഗിക്കരുത് എന്നീ നിബന്ധനകൾക്ക് വിധേയമായി താഴെപറയും പ്രകാരം സംയോജിത നീർത്തട പരിപാലന പരിപാടിയിലെ കരാർ ജീവനക്കാരുടെ വേതനം ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

| ക്രമ നമ്പർ | തസ്തിക | നിലവിലെ വേതനം | ഉയർത്തേണ്ട വേതനം | പ്രതിമാസ യാത്രാപ്പടി |
|---|---|---|---|---|
| 1 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ (DC&WDT) | 10000 | 12000 | - |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ (ഡിഗ്രി) | 12000 | 15000 | 2000 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 12000 | 13000 | 2000 |

| | | | | |
|---|---|---|---|---|
| | (ഡിപ്ലോമ) | | | |
| 4 | അഗ്രി എക്സ്പർട്ട് (ഡിഗ്രി) | 12000 | 15000 | 2000 |
| 5 | അഗ്രി എക്സ്പർട്ട് (ഡിപ്ലോമ) | 9000 | 12000 | 2000 |
| 6 | സോഷ്യൽ മൊബിലൈസർ | 10000 | 13000 | 2000 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഡയറക്ടർ, ഐ.കെ.എം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ